# ദാവീദും ഗോലിയാത്തും

● ഇ.സി സൈമൺ മാസ്റ്റർ

**ചില** സംഭവങ്ങളുടെ സൂചനകൾ മാത്രമേ ഖുർആനിൽ കാണുകയുള്ളൂ. അവയെക്കുറിച്ചുള്ള കൂടുതൽ വിവരണങ്ങൾ ബൈബിളിൽനിന്ന് ലഭിക്കും. ഒരു ദാഹരണം:

ഇസ്രയേൽക്കാരുടെ ചില നേതാക്കൾ അവരുടെ പ്രവാചകനോട് ഒരു രാജാവിനെ നിയമിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടു. ആരായിരുന്നു ആ പ്രവാചകൻ എന്നോ അദ്ദേഹം രാജാവിനെ തെരഞ്ഞെടുത്തത് എങ്ങനെയെന്നോ ഖുർആനിൽ കാണുന്നില്ല.

അതു സംബന്ധിച്ച ഖുർആൻ സൂക്തം ഇങ്ങനെ:

"നീ അറിഞ്ഞിട്ടുണ്ടോ മൂസാക്കുശേഷമുള്ള ഇസ്രാഈലീ പ്രമാണിമാരുടെ കാര്യം? അവർ തങ്ങളുടെ പ്രവാചകനോടു പറഞ്ഞു: 'ഞങ്ങൾക്കൊരു രാജാവിനെ നിശ്ചയിച്ചു തരിക. ഞങ്ങൾ ദൈവമാർഗത്തിൽ പടപൊരുതാം.' പ്രവാചകൻ ചോദിച്ചു: 'യുദ്ധത്തിന് കൽപന കിട്ടിയാൽ പിന്നെ, നിങ്ങൾ യുദ്ധം ചെയ്യാതിരിക്കുമോ?' അവർ പറഞ്ഞു: 'ഞങ്ങളെ സ്വന്തം വീടുകളിൽനിന്നും മക്കളിൽനിന്നും ആട്ടിപ്പുറത്താക്കിയിരിക്കെ ദൈവമാർഗത്തിൽ ഞങ്ങളെങ്ങനെ പൊരുതാതിരിക്കും?' എന്നാൽ യുദ്ധത്തിന് കൽപന കൊടുത്തപ്പോൾ അവർ പിന്തിരിഞ്ഞുകളഞ്ഞു; ചുരുക്കം ചിലരൊഴികെ. അല്ലാഹു അക്രമികളെപ്പറ്റി നന്നായറിയുന്നവനാണ്" (2:246).

ഇസ്രായേലീ നേതാക്കന്മാർ അവരുടെ സാമുവൽ പ്രവാചകന്റെ അടുത്തു ചെന്ന് മറ്റു ജനതകൾക്കുള്ളതുപോലെ അവർക്കും ഒരു രാജാവിനെ നിശ്ചയിച്ചു കൊടുക്കാൻ ആവശ്യപ്പെട്ടു. പ്രവാചകന്റെ നേതൃത്വം തിരസ്കരിച്ചുകൊണ്ട് രാജാവിനെ സ്വീകരിക്കുന്നത് നല്ലതിനല്ലെന്ന് അദ്ദേഹം ഉപദേശിച്ചു. രാജവാഴ്ചയിൽ അവർ പലതരം പീഡനങ്ങൾ സഹിക്കേണ്ടി വരുമെന്നും ജനങ്ങൾ രാജാവിന്റെ അടിമകളെന്ന നിലയിലേക്ക് അധഃപതിക്കുമെന്നും അദ്ദേഹം അവരെ അറിയിക്കാൻ ശ്രമിച്ചു. എങ്കിലും ഫലമുണ്ടായില്ല. രാജാവു വേണമെന്ന ആവശ്യത്തിൽ അവർ ഉറച്ചുനിന്നു. നിവൃത്തിയില്ലാതായപ്പോൾ ദൈവികാനുമതിയോടെ ജനകീയാവശ്യം അനുവദിച്ചുകൊടുത്തു. രാജാവാക്കുന്നതിന് പറ്റിയ ഒരാളെ പ്രവാചകൻ അന്വേഷിച്ചു.

ഇസ്രായേലിലെ ബെഞ്ചമിൻ ഗോത്രത്തിൽപെട്ട സാവൂൾ എന്നൊരാളെ അദ്ദേഹം കണ്ടെത്തി. അവനെപറ്റി ദൈവം സാമുവലിന് നേരത്തേ വെളിപാട് നൽകിയിരുന്നു. ഇസ്രായേലിലെ ഏറ്റവും ഉയരവും തന്റേടവുമുള്ള സുന്ദരനായിരുന്നു സാവൂൾ. യാദൃഛികമായിരുന്നു അവരുടെ കണ്ടുമുട്ടൽ. ദൈവം വെളിപ്പെടുത്തിക്കൊടുത്തതനുസരിച്ച് പ്രവാചകൻ ആളെ തിരിച്ചറിയുകയും അടുത്ത ദിവസം അവനെ രാജാവായി അഭിഷേകം ചെയ്യുകയും ചെയ്തു. അങ്ങനെ ഇസ്രയേൽക്കാർക്ക് ആദ്യമായി ഒരു രാജാവുണ്ടായി. ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളിൽ ഏറ്റവും ചെറുതായിരുന്നു ബെഞ്ചമിൻ ഗോത്രം. സാമ്പത്തികമായും പിന്നിലായിരുന്നു അവർ. സാമുവൽ പ്രവാചകൻ ജനത്തെ വിളിച്ചുകൂട്ടി. ജനമധ്യത്തിൽ നിന്നപ്പോൾ സാവൂളിന്റെ ശിരസ്സും തോളും മറ്റാരേക്കാളും ഉയർന്നു നിന്നു. നേതൃത്വമേറ്റെടുക്കാൻ പോന്ന നല്ല തലയെടുപ്പുള്ള ചെറുപ്പക്കാരൻ. പ്രവാചകൻ അവനെ ജനങ്ങൾക്ക് പരിചയപ്പെടുത്തി. ജനം അവന് ജയ് വിളിച്ചു. രാജാവ് നീണാൾ വാഴട്ടെ. അവർ ആർത്തുവിളിച്ചു.

എന്നാൽ ചില കുബുദ്ധികൾക്ക് അവനെ ഇഷ്ടമായില്ല. അവർ ചോദിച്ചു. നമ്മെ രക്ഷിക്കാൻ ഇവന്നാകുമോ? അവർ അവനെ അധിക്ഷേപിച്ചു. (1 സാമുവൽ 8, 9, 10 അധ്യായങ്ങളുടെ സംഗ്രഹം). അതിനെപ്പറ്റിയാണ് ഖുർആൻ പറഞ്ഞത്:

"അവരുടെ പ്രവാചകൻ അവരെ അറിയിച്ചു: 'അല്ലാഹു ത്വാലൂത്തിനെ നിങ്ങൾക്കു രാജാവായി നിശ്ചയിച്ചിരിക്കുന്നു.' അവർ പറഞ്ഞു: 'അയാൾക്കെങ്ങനെ ഞങ്ങളുടെ രാജാവാകാൻ കഴിയും? രാജത്വത്തിന് അയാളേക്കാൾ യോഗ്യത ഞങ്ങൾക്കാണല്ലോ. അയാൾ വലിയ പണക്കാരനൊന്നുമല്ലല്ലോ' പ്രവാചകൻ പ്രതിവചിച്ചു: "അല്ലാഹു അദ്ദേഹത്തെ നിങ്ങളേക്കാൾ ഉത്കൃഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. അദ്ദേഹത്തിന് കായികവും വൈജ്ഞാനികവുമായ കഴിവ് ധാരാളമായി നൽകിയിരിക്കുന്നു. അല്ലാഹു രാജത്വം താനിഛിക്കുന്നവർക്കു കൊടുക്കുന്നു. അല്ലാഹു ഏറെ വിശാലതയുള്ളവനാണ്. എല്ലാം അറിയുന്നവനും.

അവരുടെ പ്രവാചകൻ അവരോട് പറഞ്ഞു: 'അദ്ദേഹത്തിന്റെ രാജാധികാരത്തിനുള്ള തെളിവ് ആ പെട്ടി നിങ്ങൾക്ക് തിരിച്ചു കിട്ടലാണ്. അതിൽ നിങ്ങളുടെ നാഥനിൽനിന്നുള്ള ശാന്തിയുണ്ട്. മൂസായുടെയും ഹാറൂന്റെയും കുടുംബം വിട്ടേച്ചുപോയ വിശിഷ്ടാവശിഷ്ടങ്ങളും. മലക്കുകൾ അത് ചുമന്നുകൊണ്ടുവരും. തീർച്ചയായും നിങ്ങൾക്കതിൽ മഹത്തായ തെളിവുണ്ട്. നിങ്ങൾ വിശ്വാസികളെങ്കിൽ!" (2: 247, 248).

ഇസ്രായേൽക്കാരിൽ ഒരു വിഭാഗത്തിന് ത്വാലൂത്തിനെ (സാവൂളിനെ) ഇഷ്ടപ്പെട്ടില്ലെങ്കിലും നഷ്ടപ്പെട്ടുപോയ ഉടമ്പടിയുടെ പേടകം മാലാഖമാർ ഇസ്രായേൽക്കാർക്കു വീണ്ടെടുത്തുകൊടുക്കുന്നത്, അല്ലാഹുവാണ് അദ്ദേഹത്തെ രാജാവായി നിശ്ചയിച്ചത് എന്നതിനുള്ള തെളിവാണെന്ന് ഖുർആൻ പറഞ്ഞു. ആ സംഭവത്തെപ്പറ്റിയും ബൈബിളിൽ കാണാം.

ഫിലിസ്ത്യർ ഇസ്രയേലിനെതിരെ യുദ്ധത്തിനു ചെന്നു. അവരെ എതിരിട്ടെങ്കിലും ഇസ്രായേല്യർ പരാജയപ്പെട്ടു. അവരുടെ നേതാക്കന്മാർ യോഗം ചേർന്ന് പരാജയകാരണം വിലയിരുത്തി. അല്ലാഹുവിന്റെ കൽപന പാലിക്കാത്തതും അവനിൽ വിശ്വാസമർപ്പിക്കാത്തതുമാണ് തോൽവിക്കുള്ള കാരണമെന്ന് അവർ മനസ്സിലാക്കിയില്ല. പകരം ഒരെളുപ്പമാർഗം അവർ സ്വീകരിച്ചു. അവരുടെ വിശുദ്ധ കൂടാരത്തിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന പവിത്ര വസ്തുക്കൾ അടക്കം ചെയ്ത പേടകം യുദ്ധക്കളത്തിൽ എത്തിച്ചു. മൂസാനബിയുമായി അല്ലാഹു ചെയ്ത ഉടമ്പടിയും, വടിയും മറ്റു ചില വിശുദ്ധ വസ്തുക്കളുമായിരുന്നു പേടകത്തിൽ ഉണ്ടായിരുന്നത്. യുദ്ധം ജയിക്കാൻ ഈ വിശുദ്ധ പേടകം സഹായിക്കുമെന്നായിരുന്നു അവരുടെ വിശ്വാസം. അല്ലാഹുവിൽ വിശ്വസിച്ച് എല്ലാം അവനിൽ സമർപ്പിക്കുന്നതിനു പകരം വിശുദ്ധ പുരാവസ്തുക്കൾ സൂക്ഷിച്ച പേടകത്തിൽ വിശ്വാസമർപ്പിച്ച് യുദ്ധത്തിനിറങ്ങിയ അവർക്കു വീണ്ടും കിട്ടി കനത്ത പരാജയം. അനവധി പടയാളികളും നേതാക്കന്മാരും കൂട്ടക്കൊല ചെയ്യപ്പെട്ടു. എല്ലാറ്റിലും ഉപരിയായി അവരുടെ ആശ്വാസകേന്ദ്രവും അഭിമാന സ്തംഭവുമായ വിശിഷ്ട പേടകവും ശത്രുക്കൾ കൈവശപ്പെടുത്തി. അങ്ങനെ ഇസ്രായേലിന്റെ മഹത്വം അവർക്ക് നഷ്ടമായി; ദൈവത്തിന്റെ പേടകം ഫിലിസ്ത്യർ പിടിച്ചെടുത്തു.

അവരത് ക്ഷേത്രത്തിലെ ഒരു ദേവവിഗ്രഹത്തിന് സമീപം സ്ഥാപിച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ ദേവപ്രതിമ കർത്താവിന്റെ പേടകത്തിനു മുമ്പിൽ നിലത്തു മറിഞ്ഞു കിടക്കുന്നതു കണ്ടു. അവരത് പൂർവസ്ഥാനത്ത് സ്ഥാപിച്ചു. പിറ്റേന്നും ബിംബം കർത്താവിന്റെ പേടകത്തിനു മുമ്പിൽ മറിഞ്ഞുവീണു. അതിന്റെ തലയും കൈയും അറ്റ് വാതിൽപ്പടിയിൽ കിടക്കുന്നു. ഉടലും വേർപെട്ടു.

കർത്താവിന്റെ കരം ആ പ്രദേശത്തെ ജനങ്ങൾക്കെതിരെ പ്രബലമായി. ദൈവം അവരെ ഭയപ്പെടുത്തി. ഒരുതരം കുരുക്കളും മുഴകളും കൊണ്ട് അവർ കഷ്ടപ്പെട്ടു. ജനങ്ങൾ പറഞ്ഞു: ഇസ്രായേലിന്റെ ദൈവത്തിന്റെ പേടകം നമ്മുടെ ഇടയിൽ വേണ്ട. അവിടുത്തെ കരം നമ്മുടെയും നമ്മുടെ ദേവന്റെയും മേൽ പ്രബലപ്പെട്ടിരിക്കുന്നു. അവർ നേതാക്കളെ വരുത്തി ചർച്ചചെയ്തു. പേടകം മറ്റൊരു സ്ഥലത്തേക്കു മാറ്റാൻ തീരുമാനിച്ചു. അവിടെയെത്തിയപ്പോൾ ആ പട്ടണത്തിലെ ജനങ്ങളിലും ശിക്ഷയിറങ്ങി. തദ്ദേശവാസികൾ ഭയപ്പെട്ട് മുറവിളികൂട്ടി. പേടകം നമുക്ക് വേണ്ട. ഇതു വിട്ടുകൊടുക്കാം. അല്ലെങ്കിൽ നമ്മൾ നശിക്കും.

ദൈവത്തിന്റെ പേടകം ഏഴു മാസം ഫിലിസ്ത്യരുടെ രാജ്യത്തായിരുന്നു. ഫിലിസ്ത്യർ അവരുടെ പുരോഹിതന്മാരെയും ജോത്സ്യന്മാരെയും വിളിച്ചുകൂട്ടി പേടകം എന്തുചെയ്യണമെന്നാലോചിച്ചു. ഇസ്രായേൽക്കാർക്ക് തിരിച്ചുനൽകാനായിരുന്നു തീരുമാനം. പേടകം തിരിച്ചുകൊടുക്കുമ്പോൾ വെറും കൈയോടെ ആകരുതെന്നും പ്രായശ്ചിത്ത ബലിക്കായി സ്വർണനിർമിതമായ ചില വസ്തുക്കൾ കൂടി അതിൽ വയ്ക്കണമെന്നും നിശ്ചയിച്ചു. അങ്ങനെ ഇസ്രായേൽക്കാരുടെ ദൈവത്തിന്റെ മഹത്വം പ്രകീർത്തിച്ചുകൊണ്ട് ദൈവകോപത്തിൽനിന്ന് രക്ഷപ്പെടാമെന്നായിരുന്നു പ്രതീക്ഷ. അതനുസരിച്ച് അവരൊരു പുതിയ വണ്ടിയുണ്ടാക്കി. രണ്ട് കറവപ്പശുക്കളെ അതിൽ കെട്ടി. ദൈവത്തിന്റെ പേടകം വണ്ടിയിൽ കയറ്റി. സ്വർണ ഉരുപ്പടികൾ പെട്ടിയിലാക്കി പേടകത്തിനരികെ വെച്ചു.

വണ്ടിയോടിക്കാൻ ആരുമുണ്ടായിരുന്നില്ല. വണ്ടി തനിയെ പോകട്ടെ. എത്തിപ്പെടേണ്ട യഥാർഥ ദിശയിലേക്കുതന്നെയാണ് വണ്ടി സ്വയം സഞ്ചരിക്കുന്നതെങ്കിൽ നിശ്ചയിക്കാം, അതിനെ നയിക്കുന്നത് ദൈവം തന്നെയാണെന്ന്. പശുക്കൾ ഇടംവലം നോക്കാതെ പെരുവഴിയിലൂടെ അമറിക്കൊണ്ട് നടന്നുനീങ്ങി. ഫിലിസ്ത്യൻ പ്രഭുക്കന്മാർ അതിർത്തിവരെ അതിനെ പിന്തുടർന്നു.

ഇസ്രായേലിന്റെ ഭാഗത്ത് ജനങ്ങൾ ഗോതമ്പ് കൊയ്യുകയായിരുന്നു. തലയുയർത്തി നോക്കിയപ്പോൾ അതാ ദൈവത്തിന്റെ പേടകം. വണ്ടി ജോഷ്വയുടെ വയലിൽ ചെന്നു നിന്നു. പേടകം തൊടാൻ അർഹതപ്പെട്ട ലേവ്യർ (പുരോഹിതവംശം) അതെടുത്ത് താഴെയിറക്കി ഒരു കല്ലിൽ വെച്ചു. സ്വർണ ഉരുപ്പടികൾ വെച്ച പെട്ടിയും എടുത്തു. പശുക്കളെ ദഹന ബലിയായി ദൈവത്തിനു സമർപ്പിച്ചു. ഇതു കണ്ട ശേഷം ഫിലിസ്ത്യൻ പ്രഭുക്കൾ മടങ്ങി. ഇസ്രായേല്യർ ഒരാളെ അഭിഷേകം ചെയ്ത് നിശ്ചയിച്ച് പേടകം സൂക്ഷിക്കുന്നതിന് ഏൽപിച്ചു. (1 സാമുവൽ 4, 5, 6 അധ്യായങ്ങളുടെ സംഗ്രഹം).

ബൈബിളിലെ ഈ വിവരണത്തെ ശരിവെക്കുന്നതാണ് ഖുർആനിലെ സൂചനകൾ.

ബൈബിളിൽ ദീർഘമായും വിശദമായും പ്രതിപാദിച്ചിട്ടുള്ള ദാവൂദ് ഗോലിയാത്തിനെ കൊന്ന സംഭവവും ഖുർആൻ സംക്ഷിപ്തമായി രേഖപ്പെടുത്തിയിട്ടുള്ളതായി കാണാം:

"അങ്ങനെ ജാലൂത്തിനും സൈന്യത്തിനുമെതിരെ പടവെട്ടാനിറങ്ങിയപ്പോൾ അവർ പ്രാർഥിച്ചു: 'ഞങ്ങളുടെ നാഥാ, ഞങ്ങൾക്കു നീ ക്ഷമ പകർന്നുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിർത്തേണമേ. സത്യനിഷേധികളായ ജനത്തിനെതിരെ ഞങ്ങളെ നീ സഹായിക്കേണമേ.'

അവസാനം ദൈവഹിതത്താൽ അവർ ശത്രുക്കളെ തോൽപിച്ചോടിച്ചു. ദാവൂദ് ജാലൂത്തിനെ കൊന്നു. അല്ലാഹു അദ്ദേഹത്തിന് അധികാരവും തത്ത്വജ്ഞാനവും നൽകി. അവനിഛിച്ചതൊക്കെ അദ്ദേഹത്തെ പഠിപ്പിച്ചു. അല്ലാഹു ജനങ്ങളിൽ ചിലരെ മറ്റുചിലരെക്കൊണ്ട് പ്രതിരോധിച്ചില്ലായിരുന്നെങ്കിൽ ഭൂമിയാകെ കുഴപ്പത്തിലാകുമായിരുന്നു. ലോകത്തെങ്ങുമുള്ളവരോട് അത്യുദാരനാണ് അല്ലാഹു." (2: 250, 251)

ദാവൂദിന്റെ ബാല്യകാലത്ത് നടന്നതാണ് ജാലൂത്ത് വധം. സംഭവം ബൈബിളിൽനിന്ന് ഇങ്ങനെ ചുരുക്കിയെടുക്കാം:

ഇസ്രായേലിന്റെ ശത്രുക്കളായ ഫിലിസ്ത്യരുടെ ഒരു യുദ്ധവീരനായിരുന്നു ഗോലിയാത്ത് (ഖുർആനിൽ ജാലൂത്ത്). ആരെയും ഭയപ്പെടുത്തുന്നതായിരുന്നു അയാളുടെ ആകൃതിയും പ്രകൃതിയും. ഉയരത്തിലും കരുത്തിലും അയാൾക്കു തുല്യനായി ആരുമുണ്ടായിരുന്നില്ല. അതിനിണങ്ങുന്നതായിരുന്നു അയാളുടെ ആയുധങ്ങളും യുദ്ധകവചവും. യുദ്ധക്കളത്തിൽ അയാളുടെ വെല്ലുവിളികേട്ട് ഇസ്രായേൽ സൈന്യം ഭയന്നു വിറച്ചു. ആർക്കുമില്ല അവനോടെതിരിടാൻ ധൈര്യം.

ജാലൂത്തിനെ വധിക്കുന്നവർക്ക് വലിയ പാരിതോഷികം സാവൂൾ രാജാവ് പ്രഖ്യാപിച്ചു.

ദാവൂദ് യുദ്ധം കാണാൻ ചെന്നു. ഇസ്രായേൽ സൈന്യത്തിന്റെ ഭീരുത്വവും ജാലൂത്തിന്റെ ധിക്കാരവും ദാവൂദിനെ ക്ഷുഭിതനാക്കി. സജീവ ദൈവത്തിന്റെ സൈന്യത്തെ കേവലമൊരു അവിശ്വാസി ഭയപ്പെടുത്തുകയോ? ദാവീദിന് സഹിക്കാ

നായില്ല. ജാലൂത്തിനെ നേരിടാൻ അവനൊരുങ്ങി. പക്ഷേ, സമ്മതിക്കുന്നില്ല ആരും. പ്രായമെത്താത്ത വെറും പയ്യൻ. അവനെങ്ങനെ യുദ്ധം ചെയ്യും? എങ്ങനെ അവനെ യുദ്ധത്തിനയക്കും? വിവരം സാവൂൾ രാജാവറിഞ്ഞു. അദ്ദേഹം അവനെ ആളയച്ചു വരുത്തി. ഉപദേശം കൊണ്ട് പിന്മാറുകയില്ലെന്നു കണ്ടപ്പോൾ രാജാവ് അനുവാദം നൽകി. സാവൂളിന്റെ പടയങ്കിയും ആയുധങ്ങളും അവന് കൊടുത്തു. പക്ഷേ, അവയൊന്നും അവന് പാകമായില്ല. അവൻ അവന്റേതായ ആയുധം കൊണ്ടുവന്നിരുന്നു. ആട്ടിടയനായിരുന്ന ദാവൂദ് ആടുകളെ മേയ്ക്കുമ്പോൾ അവയെ പിടിക്കാൻ വരുന്ന ചെന്നായ്ക്കളെയും കരടികളെയും മറ്റും എറിഞ്ഞു വീഴ്ത്താൻ ഉപയോഗിക്കുന്ന കവണ. കവണയിൽ കല്ലു വെച്ചെറിയുന്നതിൽ അതിവിദഗ്ധനായിരുന്നു ദാവൂദ്. അതായിരുന്നു അവന്റെ ആയുധം. ഏതാനും കല്ലുകളും ആ ബാലൻ കരുതിയെടുത്തു.

യുദ്ധക്കളത്തിൽ ജാലൂത്തിനു നേരെനിന്ന ഇസ്രായേലീ ബാലനെ കണ്ട് അയാൾ പരിഹസിച്ചു; നീയോ എന്നോടു യുദ്ധം ചെയ്യാൻ? അതേ, ഞാൻ തന്നെ. ഞാൻ മതി നിന്റെ കഥ കഴിക്കാൻ. ഇന്നത്തോടെ തീരും നിന്റെ അഹങ്കാരം.

യുദ്ധം തുടങ്ങി. കൂർത്ത മുനയുള്ള നീണ്ട കുന്തവുമായി ഗോലിയാത്ത് അലറിയടുത്തു. പക്ഷേ, അതിനുമുമ്പായി ദാവൂദിന്റെ കവണയിൽനിന്ന് അസ്ത്രംപോലെ അതിശക്തിയിൽ പാഞ്ഞ മിനുസമുള്ള ഉരുളൻ കല്ല് അയാളുടെ നെറ്റിയിൽ തറച്ച് തലയോട് തകർത്തു. മല്ലൻ ഗോലിയാത്ത് നിലം പതിച്ചു. ഫിലിസ്ത്യർ തോറ്റു പിന്മാറി (1 സാമുവൽ 17-ാം അധ്യായത്തിൽനിന്ന്).

(തുടരും)